

1936 ൽ ആകാശവാണി ദൽഹി നിലയം ഒരു ഫുട്ബോൾ മൽസരത്തിൻെറ ദൃക്സാക്ഷി വിവരണം നൽകിയപ്പോൾ വേണ്ടിവന്ന ഉപകരണങ്ങളും ജോലിക്കാരും

സ്പോർട്സും ദൃക്സാക്ഷി വിവരണങ്ങളും

കോന്നിയൂർ ആർ നരേന്ദ്രനാഥ

റേഡിയോയിലും ടെലിവിഷനിലും കായികവിനോദ മൽസരങ്ങൾക്കു നൽകിയിട്ടുള്ള പ്രാമാണ്യമെത്രയെന്നു വിശേഷിച്ചു പറയേണ്ട. റേഡിയോ കേൾക്കുന്നതും ടെലിവിഷൻ കാണുന്നതും കായിക വിനോദ മൽസരങ്ങളെപ്പറ്റിയുള്ള വസ്തുതകൾ കേൾക്കാനും കാണാനും മാത്രമാക്കിയിട്ടുള്ളവർ എത്രയോ ലക്ഷം വരും.

റേഡിയോ നിലയം സ്ഥിരമായി 1920 ജൂലായ് രണ്ടാം തീയതി മുതൽ കിഴക്കെ ഹിറ്റ്സ്ബർഗിൽ പ്രവർത്തിച്ചു തുടങ്ങിയ കാലത്തുതന്നെ പരിപാടികളിൽ സ്പോർട്സ് പ്രാധാന്യം കരസ്ഥമാക്കിയെന്നു പറയാം. ഫ്രാങ്ക് കോനാർഡും സുഹൃത്തു ബി ഡി ലിറ്റിലും ആയിരുന്നു ഇതിനു മുൻകൈ എടുത്തത്. "ബ്രോഡ്കാസ്റ്റിങ്ങ്" - എന്ന വാക്കുതന്നെ ആദ്യം പ്രയോഗിച്ചതും, പിന്നെ പ്രചാരത്തിൽ വരുത്തിയതും കോനാർഡ് ആണെന്ന വസ്തുതയും ഇവിടെ സ്മരിക്കട്ടെ. 1921 ജൂലായ് രണ്ടിനു ജാക് ഡെമ്പസെയും ജോർജ് കാർപ്പെൻററും തമ്മിലുള്ള ബോക്സിങ്ങ് മൽസരത്തെക്കുറിച്ചുള്ള വിവരങ്ങൾ പ്രക്ഷേപണം ചെയ്യുകയുണ്ടായി. ഹെവിവെയറ്റ് ചാമ്പ്യന്മാരായിരുന്നു അവർ. ആഗസ്ത് അഞ്ചിനു ബേസ്ബാൾ മൽസരത്തിൻെറ യഥാതഥവിവരണം കൊടുത്തു. കൂടുതൽ ശ്രോതാക്കളെ ആകർഷിച്ചു. 1922 ആയപ്പോഴേക്ക് ഫുട്ബോൾ മൽസരങ്ങളെക്കുറിച്ച് നിശ്ചിതദിവസങ്ങളിൽ കൊടുക്കാനും തുടങ്ങി.

മുകളിൽ പറഞ്ഞ ബോക്സിങ്ങ് മൽസരത്തിൻെറ വിവരം നൽകിയതെങ്ങനെയെന്നറിയുന്നത് രസാവഹമാണ് ഗോദയ്ക്കു സമീപം, റേഡിയോ അനൗൺസർ ഇരുന്നു ടെലിഫോണിലൂടെ നിലയത്തിലേക്ക് കാര്യങ്ങൾ പറഞ്ഞു കൊടുത്തു. അവിടെ ഒരാൾ കുറിച്ചെടുത്തു റേഡിയോയിലൂടെ ഇടവിട്ടിടവിട്ടു പറഞ്ഞുകൊണ്ടിരുന്നു.

പ്രാകൃതമായിരുന്നു രീതിയെങ്കിലും ശ്രോതാക്കൾക്കു അത് "ഹര"മായിത്തീർന്നു. ഐക്യനാടുകളിൽ ആദ്യകാലത്തു കമൻററിയിലൂടെ 'ഹീറോ' ആയവരിൽ, ഗ്രഹാം മക്നാമി, ടെഡ് ഹുസിങ്ങ് തുടങ്ങിയവരുണ്ട്. ക്രമേണ, ഫുട്ബോൾ, ബേസ്ബോൾ, ഗോൾഫ്, ബോക്സിങ്ങ്, ടെന്നീസ്- എന്നിവയെല്ലാം ദിവസവും കിട്ടുന്നതിനു പ്രയാസമില്ലാതായി.

ബ്രിട്ടനിൽ റേഡിയോയിൽ സ്പോർട്സിനെ സംബന്ധിക്കുന്ന കാര്യങ്ങൾ ഒന്നും പറയാൻ പാടില്ലെന്നായിരുന്നു ആദ്യകാലത്തെ അവസ്ഥ. വാർത്തകളിൽ പോലും അവയ്ക്കു സ്ഥാനം കിട്ടിയതുമില്ല.

1924 - 25 വർഷങ്ങളിൽ ഓക്സ്ഫോർഡ് കേംബ്രിഡ്ജ് വള്ളം കളിമൽസരം, ഡാർബിയിലെ കുതിരപ്പന്തയം തുടങ്ങിയവയെപ്പറ്റി വിവരങ്ങൾ പ്രക്ഷേപണം ചെയ്യാൻ ജോൺ റീത്തു അനുമതി തേടി. അദ്ദേഹത്തിനു അന്നുകിട്ടിയ മറുപടി, ഒരു വലിയ "നോ" ആയിരുന്നു. വളരെ നിർബന്ധമാണെങ്കിൽ ഡാർബിയിൽ കുതിക്കുന്ന കുതിരകളുടെ കുളമ്പടിയും വള്ളംകളി നടക്കുമ്പോൾ ഉണ്ടാകുന്ന ജനാരവവും കൊടുക്കാമെന്നു അധികാരികൾ അറിയിച്ചു.

1927 മുതലാണ് സംഭവവിവരണങ്ങൾ ബിബിസിക്കു പ്രക്ഷേപണം ചെയ്യാനുള്ള സ്വാതന്ത്ര്യം ലഭിച്ചത്. ജനുവരി 15 ന് ഇംഗ്ലണ്ടും വെൽസും തമ്മിൽ നടന്ന റഗ്ബി ഇൻറർനാഷണലിൻെറ ദൃക്സാക്ഷി വിവരണം, ബിബിസി പ്രക്ഷേപണം നടത്തി. വിവരണം നൽകിയത് ക്യാപ്റ്റൻ എച്ച് ബി ടി വാക്കേലം ആയിരുന്നു. അതേമാസം ഇരുപത്തിരണ്ടിനു അസോസിയേഷൻ ഫുട്ബോളിൻെറ ദൃക്സാക്ഷി വിവരണവും ഇദ്ദേഹം അവതരിപ്പിച്ചു. ബ്രിട്ടനിലെ റേഡിയോയിൽ ആദ്യമുണ്ടായ ക്രിക്കറ്റ് കമൻററി 1927 മെയ് 14 നായിരുന്നു.

ഇന്ന് ബ്രിട്ടനിൽ ഒരാണ്ടിൽ റേഡിയോയിലവതരിപ്പിക്കുന്ന പരിപാടികളുടെ മൊത്തം സമയം കുറഞ്ഞത് 2000 മണിക്കൂറാണ്.

ഭാരതത്തിലെ പ്രക്ഷേപണ സംവിധാനം ആൾ ഇന്ത്യാ റേഡിയോ ആയതിനു ശേഷമേ (1936, ഏപ്രിൽ 8) സ്പോർട്സ് കാര്യങ്ങളിൽ ഗണ്യമായ താൽപര്യം ഉണ്ടായുള്ളു ദൽഹി നിലയവും പ്രാദേശിക നിലയങ്ങളും അവരവരുടെ പരിധിയിൽപെടുന്ന പ്രദേശങ്ങളിൽ നടക്കുന്ന കായിക വിനോദമൽസരങ്ങൾ പ്രസക്തമായ രീതിയിൽ പരിപാടികൾ ഉൾപ്പെടുത്തുകയെന്നതായിരുന്നു പൊതുവായ നയം. 1938 ൽ ദൽഹിയിലെ നിലയത്തിൽ പോളോ ടൂർണമെൻറും ആൾ ഇന്ത്യ വിമൻസ് ഹോക്കി ടൂർണമെൻറും വിജയനഗരം ഫുട്ബോൾ ടൂർണമെൻറും വേണ്ടപോലെ പ്രക്ഷേപണം ചെയ്തു.

ബോംബെ നിലയവും ഇതിൽ ഒട്ടും അലസത പ്രകടിപ്പിച്ചില്ല. അതേ കൊല്ലം അവർ, പെൻറാംഗുലർ ക്രിക്കറ്റ് ടൂർണമെൻറ് അഗാഖാൻ ഹോക്കി ടൂർണമെൻറ്, റോവേഴ്സ് കപ്പ് ഫുട്ബോൾ ഫൈനൽസ് തുടങ്ങിയവ അവതരിപ്പിച്ചു. അഡയാർ ബോട്ട് ക്ലബ് ഒരുക്കിയ ആൾ ഇന്ത്യാ വള്ളം കളി മൽസരമാണ് മദിരാശിയിൽ അക്കൊല്ലം പ്രക്ഷേപണം ചെയ്ത ഒരിനം.

ഇന്ന് സ്പോർട്സ് പ്രക്ഷേപണങ്ങളുടെ എണ്ണവും രൂപവും സമയവും എത്രയാണ്. അവലോകനങ്ങൾ, ദൃക്സാക്ഷി വിവരണങ്ങൾ, അഭിമുഖങ്ങൾ, റിപ്പോർട്ടുകൾ, വാർത്ത - എന്നിങ്ങനെ പോകുന്നു അതിൻെറ പട്ടിക. ദൽഹി, ബോംബെ, മദിരാശി, കൽക്കത്ത എന്നീ മേഖലാ നിലയങ്ങൾ ദിവസംതോറും 95 മിനിറ്റു ദൈർഘ്യമുള്ള പ്രത്യേക കായിക വിനോദ പരിപാടി അവതരിപ്പിക്കുന്നു. ഇംഗ്ലീഷിലും ഹിന്ദിയിലും അഞ്ചു മിനിറ്റു ദൈർഘ്യമുള്ള സ്പോർട്സ് വാർത്ത ദിവസവുമുണ്ട്. കൂടാതെ വാരംതോറും സ്പോർട്സ് ന്യൂസ് റീലും. പ്രാദേശിക നിലയങ്ങൾക്ക് പ്രസക്തിയുള്ളതായി തോന്നുന്ന ഏതു കായിക വിനോദവും പരിപാടിയിൽ ഇഷ്ടാനുസരണം ഉപയോഗിക്കാവുന്നതാണ്.

ദൃക്സാക്ഷി വിവരണം ശരിയായ അടിസ്ഥാനത്തിൽ മലയാളത്തിൽ ആരംഭിച്ചത് 1950 മെയിൽ കോഴിക്കോട്ടു നിലയം പ്രവർത്തനമാരംഭിച്ചശേഷമായിരുന്നു. മാനാഞ്ചിറ മൈതാനത്ത് അരങ്ങേറാറുള്ള സന്തോഷ് ട്രോഫി തുടങ്ങിയ ഫുട്ബോൾ മൽസരങ്ങളിൽ ജനങ്ങൾ പ്രദർശിപ്പിക്കുന്ന 'ഭ്രമം' വേറെങ്ങും കാണുകയില്ല. രാമൻമേനോനാണ് (രാമേട്ടൻ) അവിടെ നിന്നു ഫുട്ബോളിൻെറ ദൃക്സാക്ഷി വിവരണം കോഴിക്കോട്ടു നിലയത്തിലൂടെ ആദ്യമായി പ്രക്ഷേപണം ചെയ്തത്. പ്രതീക്ഷാതീതമായ വിജയമായിരുന്നു ആ പരിപാടി. രാമേട്ടൻ അതിലൂടെ ജനങ്ങളുടെ ആരാധനാപാത്രമാകുകയും ചെയ്തു.

ആനായാസമായ വൈഭവത്തോടെ സ്പോർട്സ് കമൻററികൾ, അവലോകനങ്ങൾ, വിവരണങ്ങൾ തുടങ്ങിയവ മലയാളത്തിൽ നിർവഹിക്കാവുന്ന പലരും റേഡിയോയിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പ്രഗൽഭരായ ദൃക്സാക്ഷി വിവരക്കാരുടെ കൂട്ടത്തിൽ പി എ മുഹമ്മദ്കോയ, പരേതനായ പത്മനാഭൻനായർ (യു എൻഐ), അരവിന്ദൻ തുടങ്ങിയവരുടെ പേരു എടുത്തു പറയേണ്ടവതന്നെ. ഒരു കാലത്ത് ഹരംപിടിപ്പിച്ചിരുന്നു റേഡിയോയിലെ ദൃക്സാക്ഷി വിവരണങ്ങൾ, ഇന്ന് അതിനു തിളക്കം മങ്ങിയിട്ടുണ്ട്. ടെലിവിഷനിൽ, കളി കാണാൻ കഴിയുമ്പോൾ വിവരണം റേഡിയോയിൽ കേട്ടു തൃപ്തിപ്പെടാൻ ആർക്കാണ് താൽപര്യമുണ്ടാകുക.

അടുത്തയാഴ്ച:

റേഡിയോ വിദേശങ്ങളിലേക്ക്

ശാസ്ത്രകൗതുകം

സൂക്ഷ്മലോകമെന്ന കല

ഉമക്കുട്ടി

ഇതും കലാകാരന്മാരുടെ ലോകമാണ്. പക്ഷേ, ഈ ലോകം, പിക്കാസ്സോവിൻേറയോ സാൽവദോർ ദാലിയുടെയോ ഒന്നുമല്ല. അതിൽ നിന്നും തീർത്തും വ്യത്യസ്തമായ ലോകം. ആറ്റങ്ങളുടെയും തന്മാത്രകളുടെയും അതിസൂക്ഷ്മ ലോകം. നീളത്തേയും വീതിയേയും കുറിച്ചുള്ള നമ്മുടെ സാധാരണ ധാരണകൾക്കൊന്നും ഈ ലോകത്തിൽ അർഥമില്ലാതാകുന്നു. ഇവിടത്തെ ഏറ്റവും വലിയ നീളം, ഒരു പക്ഷേ, ഒരു തലമുടിനാരിൻെറ കോടിയിലൊരംശം കനം മാത്രമാണ്. ഇത്രയും സൂക്ഷ്മമായ ഒരു ദൂരം നമ്മുടെ മനസ്സിനു ഉൾക്കൊള്ളാനാകുമോ എന്തോ.

നമ്മുടെ കലാകാരന്മാരുടെ വിഹാരരംഗം ഈ സൂക്ഷ്മലോകമാണ്. അരിമണിയിൽ ഒരു വരി കവിത "കൊള്ളിച്ചു" എന്ന വാർത്തപോലും അത്ഭുതാദരങ്ങളോടെ കേട്ട നമ്മുടെ മനസ്സിൽ ഈ കലാകാരന്മാർ ചെയ്ത ചില വിശേഷങ്ങൾ കേൾക്കുമ്പോൾ, എന്തെന്തു വികാരങ്ങളാണ് ഉയരുന്നത്.

1990 ലാണ് ഈ ജനുസ്സിൽപെട്ട ആ കലാകാരൻ ലോകസമക്ഷം പ്രത്യക്ഷപ്പെടുന്നത്. കാലിഫോർണിയയിലെ അൽമെയ്സൻ റിസർച്ച് സെൻററിലെ ഗവേഷകനായ ഡോൺ ഈഗ്ളറായിരുന്നു അത്. ലോകത്തിൻെറ ഏറ്റവും ചെറിയ പരസ്യചിത്രം അദ്ദേഹം 1990 ഏപ്രിലിൽ പ്രദർശിപ്പിച്ചു. 'ഐ ബി എം" എന്ന ഈ പരസ്യത്തിനുണ്ടായിരുന്ന നീളം കേവലം അഞ്ചു നാനോ മീറ്റർ. അതായത് ഈ പേജിൽ കാണുന്ന അക്ഷരത്തിൻെറ അഞ്ചു ലക്ഷത്തിൽ ഒരു ഭാഗം നീളം.

ഇത്ര ചെറിയ അക്ഷരങ്ങൾ എഴുതാൻ പേന എവിടെനിന്നും ലഭിച്ചു എന്നല്ലേ. പേനയല്ല അദ്ദേഹവും ഉപയോഗിച്ചത്. 11 വർഷം മുമ്പുമാത്രം കണ്ടുപിടിച്ച സ്കാനിങ്ങ് ടണലിങ്ങ് മൈക്രോസ്കോപ്പ് എന്ന ഉപകരണമാണ് അദ്ദേഹം ഉപയോഗിച്ചത്. മഷിയായി ഉപയോഗിച്ചതാകട്ടെ സിനോൺ എന്ന മൂലകത്തിൻെറ ആറ്റങ്ങളും. സ്കാനിങ്ങ് ടണലിങ്ങ് മൈക്രോസ്കോപ്പ് ഉപയോഗിച്ച് 35 സിനോൺ ആറ്റങ്ങൾ 'പെറുക്കിയെടുത്ത്' നിക്കൽ മൂലകത്തിൽ ഐ ബി എം എന്ന് എഴുതുകയാണ് ഈഗ്ളർ ചെയ്തത്. കുട്ടികൾ, വളപ്പൊട്ടുകളോ കല്ലുകളോ ഒക്കെ ഉപയോഗിച്ച് സ്വന്തം പേരെഴുതുന്നതു പോലെ.

ഇതൊരു തുടക്കം മാത്രമായിരുന്നു. ഇപ്പോൾ ഇത്തരം അതിസൂക്ഷ്മ പരസ്യങ്ങളുടെ ഒരു പെരുവർഷം തന്നെയാണ്. യുദ്ധവിരുദ്ധ മുദ്രാവാക്യങ്ങളും നർമ കവിതകളുമൊക്കെ ഇതിലുണ്ട്. ഭൂലോകത്തിൻെറ ചിത്രം തന്നെ ആറ്റങ്ങളിൽ "കൊത്തിയെടുത്തു" ചിലർ.

അൽപം ഭാവന. സ്കാനിങ്ങ് ടണലിങ്ങ് ഇലക്ട്രോൺ മൈക്രോസ്കോപ്പോ, അതുപോലുള്ള മറ്റേതെങ്കിലും ഉപകരണം. ധാരാളം ക്ഷമ. ഇതാണത്രേ ഈ കലാകാരന്മാരുടെ കൈമുതൽ. പക്ഷേ, അത്രപെട്ടെന്നു എല്ലാവർക്കും കലാകാരന്മാരാവാനും പറ്റില്ല. മൈക്രോസ്കോപ്പിൻെറ വിലയും ലഭ്യതയും തന്നെ പ്രശ്നം. ഈ ഉപകരണം അത്രയൊന്നും സാധാരണമല്ല. ലോകത്തിൽ തന്നെ എട്ടോ പത്തോ സർവകലാശാലയിലേ ഇതുള്ളൂ.

കലയുടെ ലക്ഷ്യത്തെക്കുറിച്ച് എന്തൊക്കെ തർക്കങ്ങൾ ഉണ്ടായാലും ഇതിനെക്കുറിച്ച് ഒരു തർക്കവുമില്ല. ഈ കല "കലക്കുവേണ്ടി"യുള്ളതല്ല. ഇത് തനി വ്യവസായമാണ്. ഈ കലയെ ആധാരമാക്കി ഒരു ഇലക്ട്രോണിക് വ്യവസായം ആവിർഭവിച്ചു കഴിഞ്ഞിരിക്കുന്നു.

ഒരു പത്തുവർഷം കൊണ്ടു ഇത് സൃഷ്ടിക്കാൻ പോകുന്ന വിപ്ലവം കണ്ടുതന്നെ അറിയണം. ഇന്നത്തെ സൂപ്പർ കമ്പ്യൂട്ടറുകളുടെ ശേഷിയുള്ള പോക്കറ്റ് കമ്പ്യൂട്ടറുകൾ വരെ ഇതിനെ ആധാരമാക്കി പ്രത്യക്ഷപ്പെടും. ശരീരത്തിലെ രക്തക്കുഴലിലൂടെ സഞ്ചരിച്ച് കേടുപാടുകൾ തീർക്കുന്ന സൂക്ഷ്മ റോബോട്ടുകളും ... വിസ്തരിക്കുന്നില്ല.

അമ്പരിപ്പിക്കുന്ന കണ്ടുപിടിത്തങ്ങളുടെ പരമ്പര അണിയറയിൽ തയ്യാറായിക്കഴിഞ്ഞിരിക്കുന്നു.